**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **19-09-2025 - ൽ മറുപടിയ്ക്ക്**

**ആലുവ – മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലുവ – മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഓൾഡ് ആലുവ – മൂന്നാർ റോഡ് കോതമംഗലം - കുട്ടമ്പുഴ – പൂയംകുട്ടി പെരുമ്പൻകുത്ത് ലക്ഷ്മി എസ്റ്റേറ്റ് വഴി മൂന്നാർ വരെയാണ്. പ്രസ്തുത റോഡിൽ മൂവാറ്റുപുഴ ഡിവിഷനു കീഴിൽ വരുന്ന 40 കിലോമീറ്ററിൽ കോതമംഗലം മുതൽ പൂയംകുട്ടി വരെയുള്ള 28.5 കിലോമീറ്റർ ബി.എം. & ബി.എസി. നിലവാരത്തിൽ നവീകരണം നടത്തിയിട്ടുള്ളതും നിലവിൽ സഞ്ചാരയോഗ്യവുമാണ്. ബാക്കിയുള്ള 11.5 കി.മീ. (ചെയി.28/500 മുതൽ 40/000) വരെയുള്ള ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്.<br><br>റോഡിന്റെ Investigation നടത്തി പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം നിരത്ത് ഉപവിഭാഗം കാര്യാലയത്തിൽ നിന്നും പ്രവേശന അനുമതിയും സുരക്ഷാ സഹായവും മൂന്നാർ Divisional Forest Officer-നോട് ആവശ്യപ്പെട്ടിരുന്നു. വനത്തിനുള്ളിൽ പ്രവേശിക്കുവാൻ വനംവകുപ്പ് അനുമതി നൽകാത്തതിനാൽ നാളിതുവരെ ടി ഭാഗം അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് WPC 25663/2020 നമ്പർ കേസ് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ പ്രസ്തുത കേസിൽ കോടതി വിധി ഉണ്ടായതിനു ശേഷം മാത്രമേ ഈ വിഷയത്തിൽ തീർപ്പുണ്ടാക്കാൻ സാധിക്കുകയുള്ളൂ എന്ന് മലയാറ്റൂർ ഡിവിഷൻ ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇടുക്കിജില്ലയിൽ വരുന്ന ഭാഗം വനത്തിലൂടെയും, KDHP കമ്പനിയുടെ പ്ലാന്റിലൂടെയും കൂടിയാണ് കടന്നു പോകുന്നത്. ആയതിനാൽ ടി ഭാഗത്ത് റവന്യൂ, വനം എന്നീ വകുപ്പുകളും KDHP കമ്പനിയും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമാണ്. കൂടാതെ ടി റോഡിന്റെ അലൈൻമെന്റ് സർവ്വേ നടത്തി പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന് ശേഷം |

| | | | |
|---|---|---|---|
| | | | മാത്രമേ ടി റോഡിന് പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് കൂടാതെ ഓൾഡ് ആലുവ – മൂന്നാർ (രാജപാത) റോഡുമായി ബന്ധപ്പെട്ട് WP(C) 6004/2025 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 14.07.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്മേൽ ചീഫ് സെക്രട്ടറി 07.08.2025 തീയതിയിൽ യോഗം വിളിച്ച് ചേർത്തിരുന്നു. |
| (ബി) | രാജപാതയുടെ പുനർനിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഓൾഡ് ആലുവ – മൂന്നാർ റോഡ് കോതമംഗലം - കുട്ടമ്പുഴ – പൂയംകുട്ടി പെരുമ്പൻകുത്ത് ലക്ഷ്മി എസ്റ്റേറ്റ് വഴി മൂന്നാർ വരെയാണ്. പ്രസ്തുത റോഡിൽ മൂവാറ്റുപുഴ ഡിവിഷനു കീഴിൽ വരുന്ന 40 കിലോമീറ്ററിൽ കോതമംഗലം മുതൽ പൂയംകുട്ടി വരെയുള്ള 28.5 കിലോമീറ്റർ ബി.എം. & ബി.എസി. നിലവാരത്തിൽ നവീകരണം നടത്തിയിട്ടുള്ളതും നിലവിൽ സഞ്ചാരയോഗ്യവുമാണ്. ബാക്കിയുള്ള 11.5 കി.മീ. (ചെയി.28/500 മുതൽ 40/000) വരെയുള്ള ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്.<br><br>റോഡിന്റെ Investigation നടത്തി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം നിരത്ത് ഉപവിഭാഗം കാര്യാലയത്തിൽ നിന്നും പ്രവേശന അനുമതിയും സുരക്ഷാ സഹായവും മൂന്നാർ Divisional Forest Officer-നോട് ആവശ്യപ്പെട്ടിരുന്നു. വനത്തിനുള്ളിൽ പ്രവേശിക്കുവാൻ വനംവകുപ്പ് അനുമതി നൽകാത്തതിനാൽ നാളിതുവരെ ടി ഭാഗം അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് WPC 25663/2020 നമ്പർ കേസ് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ പ്രസ്തുത കേസിൽ കോടതി വിധി ഉണ്ടായതിനു ശേഷം മാത്രമേ ഈ വിഷയത്തിൽ തീർപ്പുണ്ടാക്കാൻ സാധിക്കുകയുള്ളൂ എന്ന് മലയാറ്റൂർ ഡിവിഷൻ ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇടുക്കിജില്ലയിൽ വരുന്ന ഭാഗം വനത്തിലൂടെയും, KDHP കമ്പനിയുടെ പ്ലാന്റിലൂടെയും കൂടിയാണ് കടന്നു പോകുന്നത്. ആയതിനാൽ ടി ഭാഗത്ത് റവന്യൂ, വനം എന്നീ വകുപ്പുകളും KDHP കമ്പനിയും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമാണ്. കൂടാതെ ടി റോഡിന്റെ അലൈൻമെന്റ് സർവ്വേ നടത്തി പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന് ശേഷം മാത്രമേ ടി റോഡിന് പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് കൂടാതെ ഓൾഡ് ആലുവ – മൂന്നാർ (രാജപാത) റോഡുമായി ബന്ധപ്പെട്ട് WP(C) 6004/2025 നമ്പർ കേസിൽ |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതിയുടെ 14.07.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്മേൽ ചീഫ് സെക്രട്ടറി 07.08.2025 തീയതിയിൽ യോഗം വിളിച്ച് ചേർത്തിരുന്നു. |

സെക്ഷൻ ഓഫീസർ